# പതിനഞ്ചാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം – II

## 2026 ഫെബ്രുവരി 05

**നമ്പർ : 700**

**<u>2026 ഫെബ്രുവരി 05 – ന് ബഹു. തദ്ദേശ സ്വയംഭരണ–എക്സൈസ്–പാർലമെന്ററി കാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് ചട്ടം 118 അനുസരിച്ച് താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നതാണ്.</u>**

ഭരണഘടനയുടെ 41–ാം അനുച്ഛേദ പ്രകാരം അവകാശാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിനുള്ള വ്യവസ്ഥ പാലിക്കുന്നതിനും ഗ്രാമീണ മേഖലയിലെ ദാരിദ്ര്യത്തിന് പരിഹാരമുണ്ടാക്കുന്നതിനുമാണ് ഇടതുപക്ഷത്തിന്റെ പിന്തുണയോടെ അധികാരത്തിലിരുന്ന ഒന്നാം യു.പി.എ സർക്കാർ സുപ്രധാനമായ തൊഴിലുറപ്പ് നിയമം കൊണ്ടുവന്നത്.

നിശ്ചിത സമയത്തിനകം തൊഴിൽ നൽകിയില്ലെങ്കിലുള്ള തൊഴിലില്ലായ്മ വേതനം, വേതനം താമസിച്ചാലുള്ള നഷ്ടപരിഹാരം, തൊഴിൽ സ്ഥലത്ത് വച്ചുണ്ടാകുന്ന അപകടങ്ങൾക്കുള്ള ചികിത്സാ സഹായം, ഓംബുഡ്സ്മാൻ ഉൾപ്പെടെയുള്ള പരാതി പരിഹാര സംവിധാനങ്ങൾ, സോഷ്യൽ ഓഡിറ്റ് തുടങ്ങി തൊഴിലാളികൾക്കുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ വ്യവസ്ഥകൾ തൊഴിലുറപ്പ് നിയമത്തിന്റെ സവിശേഷതയായിരുന്നു.

സംസ്ഥാനത്ത് 40.45 ലക്ഷം കുടുംബങ്ങളാണ് പദ്ധതിയിൽ അംഗമായിട്ടുള്ളത്. ഇതിൽ 19.43 ലക്ഷം കുടുംബങ്ങളിലായി 22.66 ലക്ഷം തൊഴിലാളികൾ സജീവമാണ്. ഈ കുടുംബങ്ങൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ നൽകുന്നതിനും അവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ

നാം സ്വീകരിച്ചു വരുന്നത്. ഇത് വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുമുണ്ട്. 2024-25 ലെ കണക്ക് പ്രകാരം ദേശീയതലത്തിൽ 50.23 തൊഴിൽ ദിനങ്ങളാണ് ശരാശരി നൽകുന്നത്. സംസ്ഥാനത്ത് ഇത് 66.17 ആണ്.

കേന്ദ്ര പദ്ധതി നടപ്പാക്കുന്നതോടൊപ്പം അതിലുപരിയായി കൂടുതൽ ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനം നൽകിവരുന്നുണ്ട്. 100 ദിവസത്തിന് ഉപരിയായി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിൽ ഏർപ്പെടുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് അധികമായി 100 ദിവസം കൂടി തൊഴിൽ അനുവദിക്കുന്നതിന് 'ട്രൈബൽ പ്ലസ്' പദ്ധതി കേരളത്തിൽ നടപ്പിലാക്കി. ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവെച്ചു. 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് ഉത്സവബത്തയായി 1000/- രൂപ വീതം അനുവദിച്ചു. 2025-26 സാമ്പത്തിക വർഷം ഇത് 1200/- രൂപയായി ഉയർത്തി. കൂടാതെ രാജ്യത്ത് ആദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. നഗര പ്രദേശത്തെ തൊഴിലാളികൾക്കായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുകയും അവരെ കൂടി ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു.

തൊഴിലുറപ്പ് നിയമം നടപ്പിലാക്കുന്നതിന് കേന്ദ്ര വിഹിതം നൽകുന്നതിൽ കുടിശിക വരുത്തുന്നതുൾപ്പെടെ വിവിധ രീതിയിലുള്ള പ്രതിബന്ധങ്ങൾ കേന്ദ്ര സർക്കാർ സൃഷ്ടിച്ചിരിക്കെയാണ് നിലവിലുണ്ടായിരുന്ന നിയമം തന്നെ റദ്ദാക്കിയത്.

'വികസിത് ഭാരത് - ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ)' (VB-G RAM G) എന്ന പുതിയ നിയമം സംസ്ഥാനങ്ങൾക്ക് കടുത്ത സാമ്പത്തിക ബാധ്യത സൃഷ്ടിക്കും. നിലവിലുണ്ടായിരുന്ന നിയമത്തിന്റെ അന്ത:സത്ത ആയിരുന്ന അവകാശാധിഷ്ഠിത സമീപനം പുതിയ നിയമത്തോടെ ഇല്ലാതായിരിക്കുകയാണ്.

കേന്ദ്രസർക്കാർ ഒരു വിഹിതം (Normative Allocation) നിശ്ചയിക്കുകയും അതിൻറെ 40% സംസ്ഥാനങ്ങൾ വഹിക്കുകയും ചെയ്യണമെന്നതാണ് പുതിയ വ്യവസ്ഥ. ഈ വിഹിതത്തിന് ഉപരിയായ തൊഴിൽ ദിനങ്ങളുടെ പൂർണ്ണ ബാധ്യത സംസ്ഥാനങ്ങളുടേതായിരിക്കും. ഇതിലൂടെ കേരളത്തിന് 3500 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. 100 ദിവസം എന്നത് 125 ദിവസമായി ഉയർത്തുന്നത് മൂലമുള്ള അധിക സാമ്പത്തിക ബാധ്യതയും സംസ്ഥാനങ്ങൾക്കായിരിക്കും.

ഗ്രാമപഞ്ചായത്തുകളെ എ, ബി, സി എന്നിങ്ങനെ തരംതിരിക്കണമെന്നും കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന ഗ്രാമീണ മേഖലകളിൽ മാത്രമാകും 125 ദിവസത്തെ തൊഴിലുറപ്പ് ഉണ്ടാവുക എന്നും പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ ഗ്രാമപഞ്ചായത്തുകൾ വികസിതമാണ്. ആയതിനാൽ അത്തരം ഗ്രാമപഞ്ചായത്തുകൾ ഉയർന്ന കാറ്റഗറിയിൽ ഉൾപ്പെടാൻ ഇടയാവുകയും അതിലൂടെ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്യും.

പുതിയ നിയമപ്രകാരം തൊഴിലില്ലായ്മ വേതനം, കൃത്യസമയത്ത് കൂലി നൽകിയില്ലെങ്കിലുള്ള നഷ്ടപരിഹാരം എന്നിവ നൽകാനുള്ള ബാധ്യത സംസ്ഥാനങ്ങൾക്കാണ്. സംസ്ഥാനങ്ങളുടെ വിഹിതം നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിലനിർത്തുകയും അധിക ബാധ്യതയുടെ പൂർണ്ണ ഉത്തരവാദിത്തം സംസ്ഥാനങ്ങളുടെ മേൽ കെട്ടിവയ്ക്കുകയുമാണ്.

സംസ്ഥാനങ്ങളെ ഗുരുതരമായി ബാധിക്കുന്നതും ജനവിരുദ്ധവും തൊഴിൽ അവകാശം നഷ്ടപ്പെടുത്തുന്നതുമായ പുതിയ നിയമത്തിനെതിരെ ശക്തമായ പ്രക്ഷോഭത്തിലാണ് കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾ.

ഈ സാഹചര്യത്തിൽ ദാരിദ്ര്യ ലഘൂകരണത്തെ പിന്നോട്ടടിപ്പിക്കുന്നതും തൊഴിൽ നൽകൽ ചുമതല സംസ്ഥാനങ്ങളുടെ ബാധ്യതയാക്കുന്നതുമായ പുതിയ നിയമം പിൻവലിച്ച് 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പുനഃസ്ഥാപിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

**ഡോ. എൻ. കൃഷ്ണ കുമാർ,**
**സെക്രട്ടറി.**